**സാധാരണക്കാരായ ചിലർ കണ്ടുമുട്ടിയപ്പോളുണ്ടായ അസാധാരണമായ ചില അപൂർവ്വ അനുഭവങ്ങളിലൂടെ**

# വെളിച്ചം നെയ്യുന്നവരോടൊത്തൊരു യാത്ര

ഡോ. മുഹമ്മദ് ഷാ

*(കഴിഞ്ഞലക്കം തുടർച്ച)*

നാലാമത് ഷീബയെ കാണുന്നത് അവരുടെ ഉപ്പായുടെ അനുസ്മരണയോഗത്തിൽ വച്ചായിരുന്നു. അക്കാദമി മുറ്റത്ത്. അതിന് രണ്ടു മൂന്നു ദിവസം മുമ്പ് കൊച്ചിയിലെ താജ് ബിസിനസ്സ് ഹോട്ടലിന്റെ ഉത്സവ് എന്ന ധ്യാനശാലയിൽ ഒന്നുരണ്ട് വിദേശിസുഹൃത്തുക്കളുടെയൊപ്പം ഒരു ബിസിനസ്സ് പ്രൊജക്റ്റ് ചർച്ച ചെയ്തു വിജയിപ്പിച്ചതിന്റെ സന്തോഷത്തിൽ അവരെ വിളിച്ചപ്പോൾ ശബ്ദം ക്ഷീണിതമായിരുന്നു. അവരുടെ എഴുപത്തിമൂന്ന് വയസ്സുള്ള പിതാവ് പി.കെ.എ. റഹീം അത്യാസന്ന നിലയിലാണ്. എന്റെ സന്തോഷമെല്ലാം ആവിയായി. ദയാ ഹോസ്പിറ്റലിൽ ഡോ. ബാലരാമന്റെ വന്ദ്യപിതാവ് മരണാസന്നനായി കിടക്കുമ്പോൾ - പിറ്റേന്ന് രാവിലെ എന്ന് ചികിത്സിക്കുന്ന ഡോക്ടർമാർ തീർപ്പ് പറഞ്ഞപ്പോൾ രക്ഷപ്പെടുത്തിയതെന്തോ - അതേ കാര്യം 'പ്രാണിക് ഹീലിംഗ്' ഷീബാജിയുടെ ഉപ്പായുടെ കാര്യത്തിൽ 'ഡിസ്റ്റന്റ് ഹീലിംഗ്' ആയി പ്രയോഗിക്കാമെന്ന് വച്ചു. പിറ്റന്നേക്ക് നെഞ്ചിന്റെ അസ്വാഭാവികമായ അവസ്ഥയിൽ മാറ്റമുണ്ടായി എന്ന് ഷീബ അറിഞ്ഞിരുന്നു. (ഞാൻ പ്രാണിക് ഹീലറല്ല. ഒരു ഹെൽത് ആക്റ്റിവിസ്റ്റ് മാത്രം. ഡോ. ബാലരാമന്റെ അച്ഛന്റെ കാര്യത്തിൽ സരോജം ഹോസ്പിറ്റലിലെ പ്രാണിക് ഹീലർ ഡോ. അനിൽ വിക്റ്റർ ആണ് സഹായിച്ചത്.)

പക്ഷേ എന്തുതന്നെയായാലും ശ്രീ. പി.കെ.എ. റഹീം അന്തരിച്ചു. പിറ്റേന്ന് ഏറെ നേരത്തെ ഞാനറിഞ്ഞു. അഷ്ടമിയിൽ കവി മുല്ലനേഴിയും ചികിത്സയിലുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞറിഞ്ഞാണ് പി.കെ.എ. റഹീമിന്റെ വലിപ്പമറിഞ്ഞത്. അനുസ്മരണയോഗത്തിൽ കേൾവിക്കാരനായപ്പോഴാണ് പി.കെ.എ. റഹീം ഇത്രവലിയ ആളാണെന്നറിഞ്ഞത്. കേവലമൊരു 'മലപ്പുറം കാക്ക'യായ നമുക്ക് വിവരമില്ലാത്തതിന് മൂപ്പരെന്ത് പിഴച്ചു!

അതിനുപിറ്റേന്ന് ഷീബാജി ഖത്തറിലേക്ക് പറന്നു. ഭർത്താവിനോടും മകനോടും മകളോടും കൂടെ പെരുന്നാൾ ദിനത്തിൽ ഒരുമിക്കാൻ. അവർ അവിടെനിന്ന് വന്നത് തൃശൂർ മെഡിക്കൽ കോളേജിലെ രക്താർബുദ ബാധിതരായ കുട്ടികളുടെ ഒരു പ്രൊജക്റ്റിനുള്ള മൂന്നു ലക്ഷം രൂപയുടെ സഹായവാഗ്ദാനവുമായാണ്. തന്നിൽ അർപ്പിതമല്ല, പക്ഷേ സന്നദ്ധ സേവനം, അതിന് കിട്ടുന്ന ഏതൊരു നിമിഷാർദ്ധവും ഉപയുക്തമാക്കുന്ന അവരുടെ മനോഭാവത്തിന്റെ നിഴലടരുകൾ അവരുടെ തൊഴിലിടത്തിൽ തന്നെ കാണാനുണ്ട്. We cannot change our past എന്നു പറഞ്ഞുതുടങ്ങുന്ന ചുമരിൽ തൂങ്ങുന്ന ഫലകം പറയുന്നത് attitude മാറ്റാനാണ്.

ഈ വർഷത്തെ ഏറ്റവും തിളക്കമേറിയതും വലുതുമായ ചന്ദ്രനെ ഇന്നലെ രാത്രിയിൽ ഞാൻ കണ്ടിരുന്നു. ഇന്നും ദൃശ്യമാവും എന്നാണ് 'നാസ' അറിയിപ്പ്. കഴിഞ്ഞ ദിവസങ്ങളിൽ ചന്ദ്രന്റെ വൃദ്ധക്ഷയങ്ങളും യൗവനാവസാനത്തിന്റെ ഉന്മാദത്തിരകളെക്കുറിച്ചും ഞാനവരോട് ഫോണിൽ സംസാരിച്ചിരുന്നു. ഇന്നലെ രാത്രി വിളിച്ചില്ല. മറ്റുള്ളവർ ബുദ്ധികൊണ്ടും സൂഫികൾ ഹൃദയം കൊണ്ടുമാണറിയുന്നത്. നിലാവ് പൂർണ്ണമായ അവസ്ഥയിൽ അവരറിഞ്ഞിട്ടുണ്ടാകും. ഇന്നലെ മുകളിലേക്ക് നോക്കിയോ എന്ന് ഇന്ന് ഞാൻ ചോദിച്ചിട്ടുമില്ല. കാരണം 'സൂര്യനോടുള്ള പ്രണയം' എന്ന അവരുടെ പുസ്തകം നവംബറിൽ പ്രകാശിതമാകാനിരിക്കുകയാണ്.

'നവംബറിന്റെ നഷ്ടം' എന്ന പ്രസിദ്ധമായ പി. പത്മരാജന്റെ തലക്കെട്ടെടുത്ത് അവരെ പ്രകോപിപ്പിക്കാൻ ശ്രമിച്ചപ്പോൾ അവർ ചെറുത്തു. നവംബറിന്റെ ലാഭമായിരിക്കും അത്. ഫിൽപ്പ് എൽഡമർ ഡെവിറ്റിന്റെ സുപ്രസിദ്ധമായ വചനമുണ്ടല്ലോ. "ചിലർ തലക്കെട്ടുകൾ സൃഷ്ടിക്കുമ്പോൾ മറ്റു ചിലർ ചരിത്രം തന്നെ സൃഷ്ടിക്കുന്നു."

കഴിഞ്ഞ ദിവസം അവരുടെ പ്രസിദ്ധീകൃതമായ ആദ്യത്തെ ചെറുകഥ കണ്ടു. 2007 ഒക്ടോബർ 20 ശനിയിലെ ഗൾഫ് വാരാദ്യ മാധ്യമത്തിൽ. ഓപ്പറേഷൻ തിയേറ്ററിൽ ബോധം മറയുന്നതിന്റെയും തുടർന്നുള്ളതിന്റെയും വിശദാംശങ്ങൾ വൈദഗ്ദ്ധ്യത്തോടെ അവർ എഴുതിയിട്ടുണ്ട്. എനിക്ക് വളരെ ആശ്വാസം തരാറുള്ള ആൽമരം അവരുടെ കഥയിലുമുണ്ട്. പ്രണയാതുരമായ സന്ദർഭത്തിൽ ഓവിൽ പ്രത്യക്ഷപ്പെടുന്ന ചുണ്ടനെലിക്കുപോലും പ്രണയത്തിന്റെ സൗന്ദര്യം.

പ്രണയഭംഗത്തിനും വേർപിരിയലിനും ശേഷം സ്ത്രീ കഥാപാത്രം ഓർക്കുന്ന വാക്കുകളും പോസിറ്റീവാണ്. "ദുഃഖങ്ങൾ നമ്മളെ ബാധിക്കാം, പക്ഷേ തകരാനനുവദിക്കരുത്"

കൊല്ലന്മാരും പെരുപ്പുകുത്തികളും വിറകുവെട്ടുന്നവരുമൊക്കെയായ സൂഫികളെ പരിചയിച്ചിട്ടുണ്ട്. ഷീബയുടെ തൊഴിലിടത്തിൽ സാരികളുടെ എംബ്രോയ്ഡറിയും ഹാന്റ്‌വർക്കുകളും മറ്റെന്തൊക്കെയോ അലങ്കാരച്ചമയങ്ങളും നോക്കിയിരിക്കുമ്പോൾ ഞാൻ അത്ഭുതപ്പെടാറുണ്ട്. വസ്ത്രങ്ങൾക്ക് ഇത്രയൊക്കെ വേണമോ. വേണമായിരിക്കും.

പക്ഷേ കനൽവഴികളിൽ തളരാതെ, പതറാതെ, ആത്മഹത്യ ചെയ്യാതെ അവർ നെയ്തുകൊണ്ടിരിക്കുന്ന പ്രകാശത്തിന്റെ നൂലുകൾ ആണെനിക്കേറ്റവും ഇഷ്ടം. അറബിയിൽ 'ഇഹ്സാൻ' എന്നു പറയുന്ന സഹാനുഭൂതി മറ്റ് മനുഷ്യരിലേക്കും പടർത്തുന്ന അവരുടെ രീതികൾ അതിന്റെ വഴികൾ.

ഒ.വി. ഉഷച്ചേച്ചിയുടെ 'ഷാഹിദ് നാമ'യെ പറ്റി ഓർക്കുമ്പോൾ ഡി.സിയും മാതൃഭൂമിയും ഇറക്കിയ പതിപ്പുകൾ വായിച്ചുകഴിഞ്ഞിട്ടും 'വീരപ്പുലയോരെ' എന്ന ആദ്യത്തെ അദ്ധ്യായം തുടങ്ങുമ്പോഴേ മനസ്സിൽ പകപ്പിന്റെ ഒരു പ്രകർഷണമുണരും. ഡോ. ബലരാമന്റെ അഷ്ടമി ഹെർബൽ കെയറിന്റെ ഫോൺനമ്പർ ഞാൻ ഡയറിയിൽ കുറിച്ചിട്ടിരിക്കുന്നത് ആരോഗ്യനികേതനം എന്ന പേരിലാണ്. ജീവൻ മശായയുടെ സ്പന്ദനങ്ങൾ അവിടെ ഞാൻ കാണുന്നു. കണ്ണിമാങ്ങയും മോരും തമ്മിലുള്ള കോമ്പിനേഷൻ കണ്ടുപിടിച്ചത് പറഞ്ഞപ്പോൾ അദ്ദേഹം ആശ്ചര്യപ്പെട്ടു. നിങ്ങൾ എങ്ങനെ അത് കണ്ടുപിടിച്ചു? അവിടെ കിടന്നു പലരും സ്വാസ്ഥ്യം നോക്കി പുറത്തുപോകുമ്പോൾ ആ ക്ലിനിക്കൽ ഹിസ്റ്ററി നമ്പൂതിരി ഭാഷയിൽ കേൾക്കാൻ നല്ല സുഖം. ഇടക്ക് നല്ല തെറി കേൾക്കേണ്ടിവരും. പക്ഷേ സുഖമാണ്. പപ്പടം, പഴം എന്നല്ലാതെ ഒരു നമ്പൂതിരിക്കെന്ത് തെറി പറയാൻ പറ്റും!

കപ്പൽഛേദങ്ങളും ആൾനഷ്ടവും ഒക്കെ വന്നിട്ടുണ്ടെങ്കിലും ജീവിതം ജീവിതവ്യമാക്കുന്നത് ഇവരെപ്പോലുള്ളവരാണ്. ധ്യാനത്തിന്റെ ഏഴ് ആകാശങ്ങളെക്കുറിച്ച് പറയുമ്പോൾ സൂഫികൾ 'ത്വാഹിർ' എന്ന പദമാണ് ഉപയോഗിക്കുക. സ്വയം ശുദ്ധവും മറ്റുള്ളവരെ ശുദ്ധമാക്കുന്നതുമായ മനുഷ്യന്റെ അടിസ്ഥാന സത്ത. ഇത് ഈ ഖാൻവാനിൽ വച്ച് തുടങ്ങുന്നതും അവസാനിപ്പിക്കുന്നതും എന്റെ കാണിക്ക കൂടിയാണ്.

കാരണം പെരുമാറ്റത്തിൽ ആര് റസൂലിനെ ഓർമ്മിപ്പിക്കുന്നു അവൻ ശ്രേഷ്ഠൻ എന്ന വചനം പോലെ എല്ലായ്പ്പോഴും എന്റെ ഗുരു എന്നോട് ഉത്തമമായ നിലയിൽ വർത്തിക്കുന്നു. അദ്ദേഹത്തിലൂടെ ഞാൻ സ്നേഹവും കാരുണ്യവും നന്മയുടെ പ്രസരണവും അറിയുന്നു. ഷീബയിലേക്കും അത് പടരുന്നു. കാരണം അവരുടെ തൊഴിലിടത്തിന്റെ പേര് "ക്രിയേറ്റീവ് എക്സ്പ്രഷൻസ്" എന്നുതന്നെയാണ്.

*പാറപ്പുറത്ത് വീട്, മുത്തൂർ,*
*തിരൂർ പി.ഒ., മലപ്പുറം*

## മുരിയാട് സമരം വീണ്ടും

വാഗ്ദാനങ്ങൾ പാലിക്കാത്ത സർക്കാരും ജനങ്ങൾക്കൊപ്പം നില്ക്കാത്ത മുഖ്യധാര രാഷ്ട്രീയ പാർട്ടികളും കൃഷിയിറക്കാൻ പറ്റാത്ത നാട്ടുകാരും. കൊട്ടിഘോഷിക്കപ്പെട്ട സമരം ഒത്തുതീർക്കൽ ഫലവത്തായില്ല. ഡിസംബർ 15 നെങ്കിലും കൃഷിയിറക്കി തുടങ്ങേണ്ടതായിരുന്നു. വെള്ളക്കെട്ട് മാറിയിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളൊന്നും ആയിട്ടില്ല. അടുത്ത ഘട്ടം സമരാലോചന. സർവ്വജന സദസ്സ് ഡിസം. 30 ന് തൃശൂരിൽ.

*ബന്ധങ്ങൾക്ക് :*
*കർഷകമുന്നേറ്റം,*
*വർഗ്ഗീസ് തൊടുപറമ്പിൽ*
*9495169930*



നീർകാക്ക, തേക്കടി. ഫോട്ടോ : എൻ.എ. നസീർ

കേരളീയം കൂട്ടായ്മ
താങ്കളുടെ സഹായം തേടുന്നു
കൂട്ടായ്മ അംഗത്വം 10,000 രൂപ
ആജീവാനന്ത വരിസംഖ്യ
വിദേശത്തേക്ക് 8000 രൂപ, ഇന്ത്യയിൽ 5,000 രൂപ
വാർഷിക വരിസംഖ്യ 12 ലക്കം : ഇന്ത്യയിൽ 240 രൂപ
സ്ഥാപനങ്ങൾക്ക് 500 രൂപ, വിദേശത്തേക്ക് 1000 രൂപ
കത്തുകൾ, വാർത്തകൾ, സംഭാവന, വരിസംഖ്യ
ബന്ധപ്പെടുക : കേരളീയം, കൊക്കാലെ, തൃശൂർ-21.
Ph : 9446576943, 9447674375 robinkeraleeyam@gmail.com